പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.205 — 02.03.2020 - ൽ മറുപടിയ്ക്ക്

## തുടർ ചികിത്സയ്ക്കുവേണ്ടിയുള്ള ധനസഹായ പദ്ധതി

| | ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കിഡ്നി മാറ്റ സർജറി നടത്തിയ ആളുകളുടെ തുടർ ചികിത്സയ്ക്ക് എന്തെങ്കിലും ധനസഹായ പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | അംഗീകൃത ആശുപത്രികളിൽ കിഡ്നി മാറ്റിവയ്ക്കൽ സർജറിക്ക് വിധേയരായവർക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ചികിത്സിച്ച ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക് ഈ പദ്ധതി പ്രകാരം പരമാവധി 50,000/- രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ 'സമാശ്വാസം പദ്ധതി' പ്രകാരം പ്രസ്തുത ശസ്ത്രക്രിയക്കു വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ 5 വർഷം വരെ ധനസഹായം അനുവദിക്കുന്നുണ്ട്. അവയവമാറ്റ ശസ്ത്രക്രിയ നടത്തി 6 മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ കാരുണ്യ പദ്ധതി വഴിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയും ചികിത്സാ സഹായം നൽകി വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പാലക്കാട് ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ